# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 314      27-09-2016 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എൻ.ജയരാജ്** | **ഡോ.റ്റി.എം.തോമസ് ഐസക്**<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

### മാന്ദ്യവിരുദ്ധ പാക്കേജ്

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വളർച്ച ഉറപ്പു വരുത്തുവാൻ ഒരു മാന്ദ്യവിരുദ്ധ പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രത്യേക നിക്ഷേപ പദ്ധതി എന്ന പേരിലാണ് ഈ സ്കീം അറിയപ്പെടുന്നത്. ഈ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ മൂലധന ചെലവുകളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ 20,000 കോടിയിലധികം രൂപയുടെ പദ്ധതികളാണ് പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം വിവിധ മേഖലകളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രത്യേക നിക്ഷേപ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; | |
| (സി) | കിഫ്ബിയുടെ പ്രവർത്തനം വ്യക്തമാക്കുമോ; | കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) മുഖേനയാണ് പ്രത്യേക നിക്ഷേപ പദ്ധതിയ്ക്ക് ആവശ്യമായ ധനസമാഹരണം നടത്തുന്നത്. സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഇതിന് വേണ്ടി കിഫബി ഉപയോഗപ്പെടുത്തുന്നതാണ്. കിഫ്ബിയെ ഇതിനായി സജ്ജമാക്കുന്നതിനുള്ള നിയമഭേദഗതികൾ ഇതിനോടകം തന്നെ വരുത്തിയിട്ടുണ്ട്. ഈ കടമെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യത ഉറപ്പിക്കുവാനും നിക്ഷേപകർക്ക് അവരുടെ മുതലും പലിശയും താമസംവിനാ നൽകുമെന്ന് ഉറപ്പ് നൽകുവാനും ഒരു ഫണ്ട്സ് ട്രസ്റ്റീ ഉപദേശക കമ്മീഷൻ (എഫ്റ്റാക്ക്) രൂപികരിക്കും. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വക മാറ്റി ചെലവഴിക്കാതെ അംഗീകൃത സ്കീമുകൾക്ക് മാത്രം വിന്യസിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുക എന്നുള്ളതാണ് എഫ്ടാക്കിന്റെ പ്രാഥമിക ചുമതല. |

| | | |
|---|---|---|
| | | മോട്ടോർവാഹന നികുതിയുടെ ഒരു വിഹിതം എല്ലാ വർഷവും കിഫബിയ്ക്ക് നൽകുന്നതിന് നിയമപ്രകാരം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമെ പെട്രോളിന്മേലുള്ള സെസും കിഫ്ബിയ്ക്ക് കൈമാറും. സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ തുകകളും ആഗസ്റ്റ് മാസത്തിന്റെ അവസാന പ്രവൃത്തി ദിനം തീരും മുമ്പ് കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വരുമാനത്തെ സെക്യൂരറ്റൈസ് ചെയ്താണ് പ്രത്യേക നിക്ഷേപ പദ്ധതിയ്ക്ക് ആവശ്യമായ വായ്പ കിഫ്ബി സമാഹരിക്കുന്നത്. ഇത്തരമൊരു വിപുലമായ മൂലധന നിക്ഷേപ പദ്ധതിക്കായി ഓരോ അടിസ്ഥാന സൗകര്യ പ്രോജക്ടിന്റെയും പ്രത്യേക വിശേഷണങ്ങൾക്ക് അനുസൃതമായി വ്യത്യസ്ത കടപ്പത്രങ്ങൾ ഉപയോഗിക്കുന്നതാണ്. പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ പുതിയ ഇഷ്യൂ ആന്റ് ലിസ്റ്റിങ്ങ് ഓഫ് ഡെറ്റ് സെക്യൂരിറ്റീസ് മാർഗ്ഗ രേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുന്നതാണ്. |
| (ഡി) | പാക്കേജിൽപ്പെടുത്തി ഈ സാമ്പത്തികവർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവൃത്തികൾ വിശദാക്കാമോ? | മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## പ്രത്യേക നിക്ഷേപ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന പദ്ധതികൾ

- മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾക്കു വേണ്ടി ചെറുകിട-ഇടത്തര അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കും.
- പുലിമുട്ടുകളുടെ നിർമ്മാണം.
- 10 കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണം.
- ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്ക്കൂൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തും.
- ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റുകളുടെ ആസ്ഥാന മന്ദിരം സ്ഥാപിക്കും.
- 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക്ക് ആക്കും.
- മുഴുവൻ സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്കും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്കും ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ 2 വർഷം കൊണ്ട് സൃഷ്ടിക്കും.
- ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി, എറണാകുളം മഹാരാജാസ്, പാലക്കാട് വിക്ടോറിയ, തലശ്ശേരി ബ്രണ്ണൻ തുടങ്ങിയ കോളേജുകളെ ഡിജിറ്റൽ കോളേജായും മികവിന്റെ കേന്ദ്രമാക്കി മാറ്റും.
- പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കും.
- 10 ഐ.ടി.ഐ.കൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനു വേണ്ടി 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തും.
- മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികളുടെ നവീകരിക്കും.
- തലശ്ശേരിയിൽ വുമൺ & ചൈൽഡ് ആശുപത്രി ആരംഭിക്കും.
- 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര പരിപാടികൾ ഏറ്റെടുക്കും.
- കുടിവെള്ള പദ്ധതികൾക്കായുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതു കൊണ്ട് മുടങ്ങി കിടക്കുന്ന 9 പദ്ധതികൾ ഏറ്റെടുക്കും.

- 77 സ്കീമുകളിലായി 128 കിലോമീറ്റർ ഏ.സി. പ്രോമോ പമ്പിംഗ് മെയിനുകൾ മാറ്റി സ്ഥാപിക്കും.
- 174 സ്കീമുകളിലായി 488 കിലോമീറ്റർ ഏ.സി. പ്രോമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കും.
- 16 സ്കീമുകളുടെ പഴഞ്ചനും കാര്യക്ഷമത നഷ്ടപ്പെട്ടതുമായ 81 എച്ച്.ടി പമ്പു സെറ്റുകളും 11 സബ്സ്റ്റേഷനുകളും മാറ്റി സ്ഥാപിക്കും.
- 170 സ്കീമുകളിലായി 350 എൽ.പി. പമ്പുകൾ മാറ്റി സ്ഥാപിക്കും.
- എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരളാ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കും.
- തിരുവനന്തപുരം ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കും.
- 14 ജില്ലകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കും.
- ജി.വി. രാജ കണ്ണൂർ സ്പോർട്സ് സ്ക്കൂൾ, അയ്യങ്കാളി സ്പോർട്സ് സ്ക്കൂൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസിപ്പിക്കും.
- എല്ലാ പഞ്ചായത്തുകളിലും മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കും.
- 68 പാലങ്ങളുടെ നിർമ്മിക്കും.
- 8 ഫ്ളൈ ഓവറുകളും 4 അടിപ്പാത നിർമ്മിക്കും.
- 17 ബൈപ്പാസ് നിർമ്മിക്കും.
- 137 റോഡുകളുടെ നിർമ്മിക്കും.
- 14 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മിക്കും.
- ശബരി റെയിൽപ്പാതയുടെ നിർമ്മിക്കും.
- ശബരിമല മാസ്റ്റർ പ്ലാനുകളുടെ നിർമ്മിക്കും.
- എല്ലാ ഫിലമെന്റ്, സി.എഫ്.എൽ ബൾബുകൾ മാറ്റി എൽ.ഇ.ഡി ബൾബുകൾ നൽകും.
- പൊഴികളുടെ പുനരുദ്ധാരണം.
- പാർവതി പുത്തനാർ ശുചീകരിച്ച് പുനരുദ്ധരിക്കും.
- അഴീക്കൽ തുറമുഖ നിർമ്മാണത്തിനും ആലപ്പുഴ മരീന തുറമുഖ നിർമ്മാണം.
- എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കും.

- ആലപ്പുഴ-കുട്ടനാട്-ചങ്ങനാശ്ശേരി-കോട്ടയം മേഖലയിലെ ഉൾനാടൻ ജലഗതാഗതം നവീകരിക്കും.
- കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി, 5 ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകളുടെ നിർമ്മിക്കും.
- 20 ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനം.
- ആലപ്പുഴയിലെ തോടുകളുടെ നവീകരണം, മുതലപ്പൊഴി-തുമ്പോളി പൊഴികളുടെ ശുചീകരിക്കും.
- പൊന്മുടിയിലേക്കു റോപ്പ്‌വേ നിർമ്മിക്കുന്നതിനും പൊന്മുടിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തും.
- ഐ.റ്റി പാർക്ക് സംരംഭങ്ങൾ.
- പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾ, ബ്ലോക്കുകൾ എന്നിവയ്ക്ക് ആവശ്യമായ കെട്ടിടം പണിയും.
- തിരുവനന്തപുരം ആറ്റുകാൽ മാസ്റ്റർ പ്ലാനിലെ അടിസ്ഥാന സൗകര്യ വികസനം.
- തൃശൂർ മൃഗശാല മാറ്റി സ്ഥാപിക്കും.
- മനുഷ്യനും വന്യമൃഗങ്ങളും സംഘർഷം ഒഴിവാക്കുന്നതിന് വേലി നിർമ്മിക്കും.
- മെഗാ ഫുഡ് പാർക്ക്.
- തിരുവനന്തപുരം പൗണ്ടുകടവിലെ 3 ഏക്കർ സ്ഥലത്തു വർക്കിംഗ് വിമൺസ് ഹോസ്റ്റൽ സ്ഥാപിക്കും.
- ട്രഷറി കെട്ടിട സൗകര്യങ്ങൾ മെച്ചപ്പെടുത്തും.
- 17 പുതിയ റവന്യൂ ടവറുകൾ സ്ഥാപിക്കും.
- രജിസ്ട്രേഷൻ ഓഫീസുകൾക്കു പുതിയ കെട്ടിടങ്ങൾ പണിയും.
- എക്സൈസ് ടവറുകൾ സ്ഥാപിക്കും.
- ഗവൺമെന്റ് പ്രസ്സിന്റെ ആധുനീകരണം.
- പുതിയ കോടതി കെട്ടിട സമുച്ചയങ്ങൾ.
- വാണിജ്യ നികുതി ഓഫീസിന്റെ നവീകരണം.
- എസ്.സി/ എസ്.റ്റി ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ക്രസ്റ്റിന്റെ കാമ്പസ് കോഴിക്കോട് സൈബർ പാർക്കിൽ സ്ഥാപിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതി

- ആലപ്പുഴയിലെ ദേശീയ ഗെയിംസ് റോവിംഗ് ട്രാക്കിന്റെ സംരക്ഷണത്തിനും ഹോസ്റ്റൽ നിർമ്മാണം.
- ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയായി വികസിപ്പിക്കും.
- അഖിലേന്ത്യാ സർവ്വീസ് ഓഫിസർമാരുടെ ഫ്ളാറ്റ് സമുച്ചയം.
- **കടൽത്തീര പ്രദേശത്തെ കടൽത്തീര സംരക്ഷണത്തിന്.**

**സെക്ഷൻ ഓഫീസർ**